
ജി.എച്ച്.എസ്.എസ്.മൂത്തേടത്ത്
2019-20
പറയാൻ
ബാക്കി വച്ചത്...
ഡിജിറ്റൽ മാഗസിൻ  ലിറ്റിൽ കൈറ്റ്സ്. ജി.എച്ച്.എസ്.എസ് മൂത്തേടത്ത്

## സന്ദേശം

**ലി**റ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ അഭിമാനവും സന്തോഷവും തോന്നുന്നു. കുട്ടികളുടെ സർഗാത്മക കഴിവുകളെ പുത്തൻ സാങ്കേതിക വിദ്യയുമായി ബന്ധിപ്പിച്ച് ഒരു നൂതന സംരംഭത്തിന് വഴിയൊരുക്കിയതിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

കെ.കെ.ബാലകൃഷ്ണൻ

(ഹെഡ്മാസ്റ്റർ)

## എഡിറ്റോറിയൽ ബോർഡ്

നിഹാൽ
രഹന
ഏയ്ഞ്ചൽ സാമുവൽ
സഫ്‌വാന
രാഹുൽ.പി
ജസ്മൽ.പി.പി.
ഷെമിൽ
നൗബ.എം.കെ

## ഉപദേശക സമിതി

കെ.കെ. ബാലകൃഷ്ണൻ
സുരേഷ്ബാബു.പി
സുധാകരൻ കെ. പി
വിനീത
പുഷ്പലത
സുധ പി വി
ജാഫറലി

# സമർപ്പണം

സാങ്കേതികവിദ്യയുടെ പുതിയ തലങ്ങളിലേക്ക്
ഞങ്ങളെ കൈപിടിച്ചു നടത്തിയവർക്ക്.....

# അകം പൊരുൾ

മുഖമൊഴി

പ്രകൃതിയാം ഗീതം.

മലയാളം

പുതിയ കാൽപ്പാടുകൾ

പ്രളയം ഒരു ഓർമക്കുറിപ്പ്

ഞാനും എന്റെ ഭൂമിയും

അത്യാഗ്രഹം ആപത്ത്

പ്രകൃതിയുടെ ചിരിമരണം

നമ്മുടെ സ്വഭാവം മാറുമോ

മുഖമൊഴി.......

കൗമാരത്തിന്റെ തീപിടിച്ച ചിന്തകൾക്ക്
എഴുത്ത് കരുത്തുപകരുന്ന ധന്യമഹൂർത്തം.
കാട്ടുപൂക്കളെ പോലെ പറിച്ചുമണക്കാതെ പോകുന്ന,
കുറേ പ്രതിഭകളുടെ എഴുത്തറയാണിത്.
ഇവിടെ പ്രതീക്ഷയുടെ,പ്രത്യാശയുടെ, പുതുവെട്ടമുണ്ട് ;
നന്മയുണ്ട്.
നിങ്ങളുടെ ഒരോ സർഗ്ഗഭാവനയ്ക്കും
കാലം സാക്ഷിയാവട്ടെ.
എല്ലാ ഭാവുകങ്ങളും നേരുന്നു.

# പ്രകൃതിയാം ഗീതം

ഹൃദയത്തിൽ വിടർന്നൊരാ മലർ
നിലാവിൽ മന്ദഹാസം തൂകരാൻ
വിടർന്നൊരു മുല്ലതൻ ഗന്ധമായ്
ജ്വലിച്ചു പാരിൻ സൗഹൃദം

ഹൃദയത്തിൽ വിടർന്നൊരാ മലർ
പൂമരച്ചില്ലയിൽ നിന്നിതാ
രാപാടിതൻ മധുരമാം ഗീതമല്ലയോ
മഴവിൽ ശോഭയാർന്നൊരീ സൗഹൃദം

ഹൃദയത്തിൽ വിടർന്നൊരാ മലർ
ഇന്ദ്രനീലിമയാർന്നൊരീ വാനിലെ
താരം മിഴി ചിമ്മിയതല്ലയോ

തേൻ മധുരമാം സൗഹൃദം
ഹൃദയത്തിൽ വിടർന്നൊരാ മലർ
പാടിയ ഗീതമോ സൗഹൃദം

ഹൃദ്യ.ടി (10 D)

# മലയാളം

മണിമുത്തു ഭാഷയാൽ
എന്നെ പഠിപ്പിച്ച
നന്മ മലരാണ് മലയാളം

അമ്മയാൽ എന്നെ
മൊഴിഞ്ഞുതുളുമ്പിയ
മലർവെളിച്ചമാണെന്റെ മലയാളം

ആദ്യമായി നാവിൽ തുളുമ്പിയ
കനിമലർ പൂവുകളാണെന്റെ പുതുവെളിച്ചം

ഇന്നു ഞാൻ കീർത്തി
പരത്തിയ നേരത്ത്
കൂട്ടായ് വെളിച്ചമായ് മലയാളം

അപർണ.കെ
(8D)

# പുതിയ കാൽപ്പാടുകൾ

നീണ്ട അഞ്ചു വർഷത്തിനു ശേഷം അത് സംഭവിച്ചിരിച്ചിരിക്കുന്നു. ശൈലജ വാസുദേവൻ ഇന്ന് ഒരു അമ്മയാണ്. തന്റെ വിവാഹത്തിനുശേഷമുള്ള നീണ്ട അഞ്ചു വർഷം വേണ്ടി വന്നു ഈ കാത്തിരിപ്പ് അവസാനിക്കാൻ. മിസ്റ്റർ വാസുദേവൻ നായർ ആശുപത്രി വരാന്തയിലൂടെ ഒരു നാലു പ്രാവശ്യമെങ്കിലും അങ്ങോട്ടുമിങ്ങോട്ടും നടന്നിട്ടുണ്ടാവും.

തനിക്ക് ഒരാൺകുട്ടിയെയാണ് ദൈവം സമ്മാനിച്ചത്. ഇനി വരും കാലം തന്റെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും ഉടമയാകാൻ പോകുന്നവൻ.

മിസ്റ്റർ വാസുദേവൻ തിരക്കുള്ളൊരു ബിസിനസ്സുകാരനാണ്. അല്പനേരമായി ഫോൺ വിളികളുടെയും മെസ്സേജുകളുടേയും ഒച്ചപ്പാടുകൾ തുടങ്ങിയിട്ട്. അദ്ദേഹത്തിന്റെ പതിനഞ്ചാം വയസ്സിൽ വെട്ടിപ്പിടിച്ചതാണ് തന്റെ സ്വത്തുക്കൾ ഒക്കെയും.അദ്ദേഹത്തിന്റെ അധ്വാനത്തിന്റെ ഫലമാണത്. വളരെക്കാലത്തെ കാത്തിരിപ്പിനു ശേഷം ഈ സ്വത്തുക്കൾക്ക് ഒരു ഉടമയെയാണ് കിട്ടിയിരിക്കുന്നത്. അവർ അവരുടെ വരും കാല കമ്പനി ഉടമയ്ക്ക് ഒരു പേരിട്ടു. ദൈവിക്.

മിസ്റ്റർ ദൈവിക് കുമാർ.

ഇതേ സമയം ഇതൊന്നുമറിയാതെ നമ്മുടെ വരും കാല ഉടമ അമ്മയുടെ കൈയിൽ സുരക്ഷിതനായി ഉറങ്ങുന്നു. ദൈവിക് അവന്റെ മാതാപിതാക്കളുടെ സ്നേഹവും കരുതലും ഏറ്റു വളർന്നു. അവന് അഞ്ചു വയസ്സു കഴിഞ്ഞു. ഏറെ സന്തോഷകരമായ ആ ദിനങ്ങൾ പെട്ടെന്നാണ് കടന്നു പോയത്. ആഢംബരത്തിന്റേയും മത്സരത്തിന്റേയും ലോകത്തിൽ സ്വന്തം അമ്മ തന്റെ മകൻ എല്ലാവരേക്കാളും ഉയരത്തിലെത്തണമെന്ന് ആഗ്രഹിച്ചു തുടങ്ങി. അതു പിന്നെ

ഒരു വാശിയായിത്തീർന്നു. അമിത സ്നേഹവും ലാളനയും അവനെ നശിപ്പിക്കുമെന്നും അവൻ അലസനാകുമെന്നും അവർ ചിന്തിച്ചു തുടങ്ങി. തന്റെ

അമ്മയിലുണ്ടായ മാറ്റങ്ങൾ ദൈവികിനെ വിഷമിപ്പിക്കുന്നുണ്ടായിരുന്നു. അത് അവനെ അസ്വസ്ഥനാക്കി.

വലിയൊരു ടൈംടേബിൾ അനുസരിച്ചായിരുന്നു അവന്റെ ജീവിതം.

നിരത്തിവെച്ച ചെസ്ബോർഡിൽ മറ്റൊരാളുടെ ഇഷ്ടത്തിൽ മാറിക്കൊണ്ടിരുന്ന ഒരു തേരായിരുന്നു അവൻ. അവനു വേണ്ടി അനുവദിച്ചിട്ടുള്ള കള്ളികൾ വളരെ പരിമിതമായിരുന്നു. വളരെ പെട്ടെന്നു തന്നെ അവന്റെ മനസ്സിൽ മടുപ്പിന്റെ ഒരു മൂടൽ മഞ്ഞ് രൂപ്പെട്ടുഒറ്റപ്പെടലിന്റെയും പരിമിതികളുടേയും ലോകത്ത് അവൻ പിച്ചവെച്ചു

നടന്നു.ദൈവിക് വളർന്നു ഈ ചുറ്റുപ്പാടിൽ ഒരു പുതിയ ദൈവിക് ഉടലെടുത്തു.

നിരാശയുടെ ലോകം അവൻ വെറുത്തുതുടങ്ങിയിരുന്നു. പിന്നീട് അവൻ

ആശ്വാസം കണ്ടത്തീയത് ഒഴിവ്സമയങ്ങളിൽ സമയക്രമത്തിന്റെ

അടിസ്ഥാനത്തിൽ അവനു നൽകിയിരുന്ന തന്റെ ന്യൂതന സാങ്കേതികവിദ്യകൾ

അടങ്ങിയ തന്റ ഫോൺ ആയിരുന്നു അവിടെ അവൻ തന്റേതായലോകം

കണ്ടെത്തി പതിയെ അവൻ മാറാൻ തുടങ്ങി പെട്ടെന്ന് ദേഷ്യം വരുന്ന പ്രകൃതം എല്ലാവരോടും വെറുപ്പും ദേഷ്യവും സംസാരം ചുരുങ്ങിയ വാക്കുകളിൽ അവസാനിപ്പിക്കും മിസ്സിസ്സ് വാസുദേവനിൽ അത് അസ്വസ്ഥത ഉളവാക്കി തന്റെ ചിന്താഗതിയിലൂടെ അല്ല തന്റെ മോൻ സഞ്ചരിക്കുന്നത് എന്ന് മനസ്സിലാക്കിയ അവർ ദൈവികിന് ഇന്ത്യയിലെ തന്നെ ഏറ്റവും നമ്പർ വൺ കോളേജിൽ ലക്ഷങ്ങൾ മുടക്കി അഡ്മിഷൻ വാങ്ങിച്ചു .അവിടെ ഒരു ഹോസ്ററലിൽ അവന്റ താമസവും ശരിയാക്കി പക്ഷേ അവിടെ ദൈവികിനെകാത്തിരുന്നത് വേറെ ഒരു ലോകമായിരുന്നു .മയക്കുമരുന്നിന്റെ ലോകം മാസങ്ങൾകൊണ്ട് അവന് അവൻ പോലും അറിയാതെ ലഹരിവസ്തുക്കളുടെ അടിമയായി തീർന്നു.

തിരക്കുപിടിച്ച ബിസിനസ്സുക്കാരനായ അച്ഛൻ മകനു വേണ്ടി ചെയ്തിരുന്നത് അവൻ ആവശ്യപ്പെടുന്ന തുകകൾ അവന്റെ അക്കൗണ്ടിൽ ഇടുക മാത്ര മായിരുന്നു.

ദൈവിക്കിന്റപഠനം തിരാറായി ബിസ്സിനസ്സിൽ സാമ്പത്തികമായ പിരിമുറുക്കംനേരിട്ട അവന്റെ അച്ഛൻ ബിസിനസ് ലോകത്തിലേക്ക് മകനെ ക്ഷണിച്ചു. അവൻ ബിസിനസിൽ താൽപര്യമില്ലെന്നും,അവൻ മുബൈയിലേക്ക് ഒരു ജോലിക്കാര്യത്തിന് കൂട്ടുക്കാർക്കൊപ്പം പോകുകയായിരുന്നു എന്നുമാണ് പറഞ്ഞത്.പിതാവ് മകനെ ഏറെ നിർബന്ധിച്ചെങ്കിലും മകൻ വഴങ്ങിയില്ല. തന്റെ മാനസീകാവസ്ഥ മകൻ മനസ്സിലാക്കാത്തതിനാൽ പിതാവ് ഏറെ ദുഃഖിതനായി തീർന്നു സാമ്പത്തികമായി തകർന്നിരിക്കുന്ന അവസ്ഥയിൽ തന്റമകൻ കൂടി കൈവിട്ടപ്പോൾ വാസുദേവൻ ആകെ തകർന്നു പോയി ഇതിനിടെ ശൈലജവാസുദേവൻ തന്റ മകനെ കാണണം എന്ന ആഗ്രഹം പ്രകടിപ്പിച്ചു . പക്ഷെ അവൻ അതിന് കൂട്ടാക്കിയില്ല. അവസാനം അവർ അവനെ കാണാൻ മുബൈയിലേക്ക് പോകാൻ തീരുമാനിച്ചു. അപ്പോഴാണ് മകൻ ലഹരിമരുന്നിന്റ അടിമയാണെന്ന വിവരം പിതാവ് അറിഞ്ഞത്. ഏറെക്കാലത്തെ ചികിൽസക്ക് ശേഷം ദൈവിക് ഒരു പുതിയ ദൈവികായി തിരിച്ചുവന്നു.അവന്റ മുഖത്ത് ഒരുപുതിയ തിളക്കം വന്നിരുന്നു പുതിയലോകത്തിലേക്കവൻ പതിയെ നടന്ന് കയറാൻ തുടങ്ങിയിരുന്നു. അവിടെ അവൻ സ്നേഹവും സമാതാനവും ഉണ്ട്. അവൻ ചുറ്റും പ്രകാശത്തിന്റ ഒരു വലയം ഉള്ളതായി അവന് തന്നെ തോന്നി തുടങ്ങി. മഴകിട്ടാതെ വാടിത്തുടങ്ങിയ ഒരു പുൽച്ചെടി സമൃദ്ധയാർന്ന മഴയാൽ പുതിയ നാമ്പ് പൊട്ടിവിടരുന്നത് പോലെ അവന്റെ ജീവിതം പ്രകാശ മാനമായി.

# പ്രളയം ഒരു ഓർമക്കുറിപ്പ്

മഴ എന്നും മനസിൽ ഉണ്ടാക്കിയിരുന്നത് ബാല്യത്തിന്റെ ചില നനവൂർന്ന മധുരസ്മരണകളാണ്. അച്ഛന്റെ കൈ പിടിച്ച് പാടവരമ്പിലൂടെ അംഗൻവാടിയിലേക്ക് നടക്കുന്നതും അച്ഛൻ തിരിച്ച് പോവുന്നതും നോക്കിവരാന്തയിലെ തൂണിൽ കെട്ടിപ്പിടിച്ച് കണ്ണുനിറയ്ക്കുന്നതും ഒരു വിങ്ങലോടെ മാത്രമേ ഇന്നും ഓർക്കാൻ കഴിയുന്നുള്ളു.കണ്ണിൽ ഉരുണ്ടുക്കൂടിയ മേഘങ്ങൾ അപ്പോൾ കണ്ട കാഴ്ചകളെ ഏറെക്കുറെ മറച്ചിരുന്നുവെങ്കിലും ചൊരിഞ്ഞുപെയ്യുന്ന ആ ചാറ്റൽ മഴ അതുണ്ടാക്കിയ നൊമ്പരക്കാഴിച്ചക്ക് ഇപ്പോൾ ഓർക്കുമ്പോൾ നല്ല മധുരമാണ്. അത്രയും എന്റെ ഉള്ളിലേക്ക് ആഴ്ന്നു പെയ്ത ഒരു മഴ ഉണ്ടായിട്ടില്ല അച്ഛൻ വാങ്ങിതന്ന മുത്തുകൾ കോർത്ത് മനോഹരമായ സ്ലേറ്റിന്റെ കമ്പികൾ ഓരോന്നായി ഊരിയെടുത്ത് മുത്തുകൾ ഓരോനായി പാട വക്കത്തുള്ള ചെറിയതോട്ടിൽ ഒഴുകുമ്പോൾ തുള്ളികളിച്ചിരുന്ന മനസും ബാല്യവുമൊക്കെ കാലത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടു പോയി. നനഞ്ഞ ചില ഓർമകൾ മാത്രം ബാക്കിയാക്കി കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മഴ നിൽക്കാതെ പെയ്യുന്നുണ്ട് .കഴിഞ്ഞ വർഷത്തെ പ്രളയകാലത്ത് എഴുതി അവസാനിപ്പിച്ച സുഭാഷ് ചന്ദ്രന്റെ സമുദ്രശിലയെന്ന നോവൽ ഞാൻ വായിച്ചു തീർക്കുന്നത് ഒരു നിമിത്തം പോലെ ഞങ്ങളുടെ നാടിനെയാകെ ദുരന്തക്കാഴ്ചയാക്കി മാറ്റാൻ പോവുന്ന ഒരു പ്രളയത്തിന് മുന്നോടിയായിട്ടാണെന്ന് അത് വായിക്കുമ്പോൾ എനിക്ക് തോന്നിയതേയില്ല . അവസാനം പ്രളയം എന്ന അധ്യായം വായിച്ചുതീർത്തു. അക്കാരണമായ ഒരു ഭയം മനസ്സിലേക്ക് അരിച്ചിറങ്ങുന്നുണ്ടായിരുന്നു. ഇരുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് ഉണ്ടായ ഉരുൾ പൊട്ടലിന്റെ ഭീതി ഓരോ മനസിലും

ഉറങ്ങുകൂടികൊണ്ടേയിരുന്നു . പാതാറിലെ നാൽകവലയിലൂടെ ഒഴുകുന്ന തോടിലൂടെ ഉച്ചയായപ്പോൾ തന്നെ കുത്തിയൊലിച്ചുവന്ന കലങ്ങിമറിഞ്ഞ വെള്ളത്തിന്റെ മണം അവർക്ക് അപായ സൂചന നൽകി. ഏറെക്കുറെ ആളുകൾ അപ്പോൾ തന്നെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ തുടങ്ങിയിരുന്നു . ചാലിയാർ പുഴ പനങ്കയം പാലത്തിൽ മുട്ടി ഒഴുകുന്ന കാഴ്ച കാണാൻ പോകുന്നവരുടെ ബഹളം ...മഴയ്ക്ക് നേരിയ ഒരു ശമനം ഉള്ളതുക്കൊണ്ട് മക്കളയും കൂട്ടി പോകാൻ ഇറങ്ങി സാധാരണ പോകാറുള്ള വഴിയൊക്കെ രണ്ടാൾ പൊക്കത്തിൽ വെള്ളമായിരുന്നത് കൊണ്ട് അമ്പലത്തിന്റെ അടുത്തേക്ക് എത്തുന്ന ഊടുവഴിയിലൂടെ ആണ് ഞങ്ങൾ പോയത് പോകുന്ന വഴിയിലെല്ലാം കാണുന്ന അറ്റം കാണാത്ത വെള്ളം മനസിനെ കൂടുതൽ അസ്വസ്ഥമാക്കി എത്രയും പെട്ടന്ന് വീട്ടിലേക്ക് തന്നെ മടങ്ങിയെത്തുക എന്നതായിരുന്നു അപ്പോഴത്തെ ചിന്ത. വീടിനോടടുക്കുമ്പോൾ ഞങ്ങളെ സദ നീരീക്ഷിച്ചുകൊണ്ടു നിൽക്കുന്ന മുത്തപ്പൻ കുന്ന് കുട്ടിക്കാലത്തെ ഉമാക്കി കഥയിലെന്ന പോലെ എന്റെ മനസിനെ പേടിപ്പിച്ചുക്കൊണ്ടിരുന്നു ഞങ്ങൾ വീട്ടിലെത്തിയ പോയേക്കും പനങ്കയം പാലത്തിന മുകളിലൂടെ വെള്ളം ഒഴുകാൻ തുടങ്ങിയെന്നറിഞ്ഞു ഞങ്ങളുടെ നാട് തീർത്തും ഒറ്റപ്പെട്ടു. സന്ധ്യയായപ്പോൾ മെഴുകുതിരി വെട്ടത്തിന്റെ ചുറ്റും കൂടിയിരുന്ന് വളരെ കാലത്തിന് ശേഷം എല്ലാവരും വിശേഷങ്ങൾ പങ്ക് വെക്കുന്നു.... മൂന്നു വീട്ടിലുള്ളവരാണ് ഇപ്പോൾ ഞങ്ങളുടെ വീട്ടിൽ രാത്രി കിടക്കുന്നത്. എല്ലാവരുടെയും വർത്തമാനങ്ങൾക്കിടയിൽ ഉണ്ടാകുന്ന ചെറിയ ഒരു നിശ്ശബ്ദത പോലും കനത്ത ശൂന്യതയുണ്ടാക്കി. ഞങ്ങളുടെ വീടിന്റെ എതിർവശത്തുള്ള കുന്നിൻ ചെരിവിലുള്ള റബ്ബർ മരങ്ങൾക്കിടയിലൂടെ വെളിച്ചത്തിന്റെ കുഞ്ഞു കുഞ്ഞു പൊട്ടുകൾ അരിച്ചിറങ്ങുന്ന കാഴ്ച. മഴയത്ത് നനഞ്ഞു വിറച്ച് കുറേ ആളുകൾ ഓടിയും നടന്നുമൊക്കെയായി വരുന്നു....ഉരുൾ പൊട്ടലിന്റെ മലവെള്ളപ്പാച്ചിൽ അവരുടെ തൊട്ടപ്പുറത്തു കൂടി കടന്നുപോയപ്പോൾ കുട്ടികളേയും വാരിയെടുത്ത് ഓടി രക്ഷപ്പെട്ടവരാണവർ....വഴി മനസ്സിലാവാതെ റബ്ബർ മരങ്ങൾക്കിടയിലൂടെ ഉഴറി നടന്ന് പലർക്കും നടക്കാൻ പോലും വയ്യാത്ത അവസ്ഥയായിരുന്നു. അവശയായ ഒരു വല്യമ്മയെ വളരെ

പണിപ്പെട്ട് ഒരാൾ എടുത്തുകൊണ്ടുവരുന്നതു കണ്ടപ്പോൾ അതു വരെ തൊടാൻ പേടിച്ചു നിന്ന മഴയിലേക്ക് ഞാൻ ഓടിയിറങ്ങി. തണുത്തു വിറയ്ക്കുന്ന അവരെ തുവർത്തി ഉണങ്ങിയ വസ്ത്രങ്ങളും ചൂടുള്ള കട്ടൻ ചായയും കൊടുത്തു. ജന്മനാ മിണ്ടാൻ കഴിയാത്ത ഉമ്മ ആംഗ്യഭാഷയിലൂടെ എന്നോടു പറഞ്ഞ കാര്യങ്ങളാണ് പാതാറിലെ ഉരുൾപൊട്ടലിനെക്കുറിച്ച് ഞാൻ ആദ്യമായി കേട്ടത്..... എല്ലാം നഷ്ടപ്പെട്ട വേദനയാണ് അവരുടെ മുഖത്തുണ്ടായിരുന്നത്. സമയം ഏകദേശം എട്ടുമണിയോടടുത്തു. ഞങ്ങളുടെ മുത്തപ്പൻ കുന്നിന്റെ എതിർവശം കവളപ്പാറയിലേക്ക് മൂക്കുകുത്തിവീണതൊന്നും അറിയാതെ എല്ലാവരും പാതാറിലെ ഉരുൾപൊട്ടലിന്റെ ഭീതിയിൽ ഇരിക്കുകയാണ്. പിറ്റേ ദിവസം രാവിലെ കുറേ ആളുകൾ തൊട്ടടുത്ത ജിജിയേട്ടന്റെ വീട്ടിലെത്തി.തലേ ദിവസം രാത്രി മുഴുവൻ പണിതീരാത്ത ഒരു വീടിന്റെ രണ്ടാം നിലയിൽ കുടുങ്ങിക്കിടന്നവർ. നൂറോളം ആളുകൾ രണ്ടു വശത്തു കൂടിയും ഉരുൾപൊട്ടിയൊഴുകുന്ന മലവെള്ളപ്പാച്ചിലിന്റെ നടുക്ക്....വെള്ളം ചോദിച്ച് കരയുന്ന കുട്ടികളെ ആശ്വസിപ്പിക്കാനാവാതെ...പിറ്റേ ദിവസം രാവിലെ കവളപ്പാറയിൽ മണ്ണിടിച്ചിലുണ്ടായതായി ചില ഊഹാപോഹങ്ങൾ കേട്ടു. ഒരു പ്രദേശം മുഴുവൻ മണ്ണിനടിയിലാണെന്ന് വിശ്വസിക്കാനേ കഴിഞ്ഞില്ല. മുത്തപ്പൻ കുന്ന് ചതിയ്ക്കില്ല എന്നു നാട്ടുകാർ പറഞ്ഞു കേട്ടു ശീലിച്ചതാണ്. പക്ഷേ അവൾ ഒരു കൊലച്ചതി ഒളിപ്പിച്ചുവെച്ചുകൊണ്ടാണ് ഇത്രയും കാലം തലയുയർത്തി നിന്നിരുന്നത്.

എന്റെ പരിചയത്തിലും ബന്ധത്തിലും കാഴ്ചയിലുമെല്ലാം ഉള്ള പല മുഖങ്ങളും ഇപ്പോൾ ണണ്ണിനടിയിൽ ചതഞ്ഞരഞ്ഞ് കിടക്കുകയാണ്. രാവിലെ ശർക്കര ചേർത്ത ചായ എല്ലാവരും കുടിച്ചു. അവശ്യസാധനങ്ങൾ കിട്ടാനില്ല. പാത്രം കഴുകിക്കൊണ്ടിരിക്കുമ്പോൾ ചുങ്കത്തറയിൽ നിന്ന് ബൈജുവേട്ടന്റെ ഫോൺ വന്നു.അവരുടെ അക്ഷയ സെന്ററിൽ ഇടയ്ക്ക് ചെല്ലാറുള്ള ഒരു കുട്ടിയെ അന്വേഷിച്ചാണ്. കലപില സംസാരിച്ചുകൊണ്ട് എപ്പോഴും തുള്ളിച്ചാടി നടക്കുന്ന കുട്ടി. അവളുടെ വിവാഹം അടുത്തു തന്നെ നടത്താൻ തീരുമാനിച്ചതായിരുന്നു. പട്ടാളക്കാരനായ അവളുടെ

സഹോദരനെക്കുറിച്ച് പറഞ്ഞപ്പോൾ ഭയാനകമായ മൺകൂന മനസ്സിൽ ഉയർന്നുപൊങ്ങി. ഒന്നും പറയാൻതോന്നാത്തതുകൊണ്ട് അറിയില്ല എന്നു പറഞ്ഞ് ഫോൺ വെച്ചു. കുട്ടിക്കാലത്ത് എന്റെ വീടിനു സമീപത്തെ ബന്ധുവീട്ടിൽ താമസിക്കാൻ ആ അമ്മയും മൂന്നു മക്കളുമെത്തുമ്പോൾ അവളെ എടുത്തു നടന്ന ഓർമ്മ.... ആ കുഞ്ഞുസുഗന്ധം മൂക്കിലേക്ക് അരിച്ചുകയറി. രാത്രിയിൽ ഇടയ്ക്കിടയ്ക്ക് ഞെട്ടി ഉണർന്ന് വാതിൽ തുറന്ന് മുത്തപ്പൻ കുന്നിനെ തുറിച്ചു നോക്കിനിൽക്കുന്ന എന്നെപിറ്റേ ദിവസം തന്നെ കരുളായിയിലെ വീട്ടിലേക്കു കൊണ്ടുവന്നു. പനങ്കയം പാലത്തിന്റെ മുകളിലെ മാലിന്യക്കൂമ്പാരത്തിനിടയിലൂടെ ഒരു വണ്ടി പോവാൻ മാത്രം പോന്ന ഒരു വഴി. ചാലിയാർ അവളെ ആകെയൊന്നു കഴുകി വൃത്തിയാക്കി. വീട്ടിലേക്കു വാങ്ങിയ സാമാനപ്പൊതികൾ വരെ അവൾ പുറത്തേയ്ക്കു വലിച്ചെറിഞ്ഞു.കുറേ ദിവസങ്ങൾ ക്കുശേഷമാണ് ഞാൻ കവളപ്പാറയിലേക്കു പോയത്. കാലം നിശ്ചലമായത് ഞാനവിടെ കണ്ടു. എട്ടു മണിക്കു നിശ്ചലമായ ഒരു ക്ലോക്ക്....മീറ്റർ റീഡറുകൾ....

കാലം നിലച്ചു പോയതിനു സാക്ഷിയായി ഞാൻ അവിടെ നിന്നു. ഒരു പട്ടി വാലാട്ടിക്കൊണ്ട് ഞങ്ങളുടെ പിന്നാലെ നടക്കുന്നുണ്ടായിരുന്നു. ആ നാടും വീടും ഉപേക്ഷിച്ചു പോയ ആരുടെയോ ആണ്. അത് അതിന്റെ യജമാനനെ തിരയുകയാണ്. തകഴിയുടെ വെള്ളപ്പൊക്കത്തിൽ കഥ വായിച്ചപ്പോൾ ആ കഥയിലെ പട്ടിയെ ഞാനെന്റെ മനസ്സിൽ സങ്കല്പിച്ച പോലെത്തന്നെ...അതേ രൂപം...കറുത്തു മെലിഞ്ഞ്...വാലാട്ടി അത് വിധേയത്വം പ്രകടിപ്പിച്ചുവെങ്കിലും ....തിരിച്ചു പോന്നു. തിരിഞ്ഞു നോക്കാതെ...മരവിച്ച കാലടികളോടെ...

ഇപ്പോൾ മഴയോർമ്മകൾക്ക് അരിച്ചിറങ്ങുന്ന ഒരു തണുപ്പാണ്....... അതിനു ശേഷമുള്ള ഒരു വെറുങ്ങലിപ്പാണ്.

# ഞാനും എൻെറ ഭൂമിയും

ഒരിയ്ക്കൽ ഞാൻ നിന്നെ വിട്ട് പോകും
മനസ്സില്ലാ മനസ്സോടെ
ഭൂമി എരിയുമാ നാളിൽ.......
ഞാൻ കളിച്ചു വളർന്ന നിൻ മടിയിൽ നിന്ന്
എന്നേക്കുമായ് യാത്രയായി
നീ തന്ന സ്നേഹവും
ലാളനയും മറക്കുവാൻ ആവില്ല.
ഭൂമി എരിയുമാ നാളിൽ
മാനവർ നിന്നെ ചുട്ടെരിയിയ്ക്കും.
അഗ്നിയായ് നീയങ്ങ് പ്രകാശിയ്ക്കും.
ഭൂമി എരിയുമാ നാളിൽ.............



ഷഹലഫിദ.10E

# അത്യാഗ്രഹം ആപത്ത്

ഒരിയ്ക്കൽ ഒരു ചുണ്ടെലി ആഹാരം തേടി നടക്കുകയായിരുന്നു. നെല്ലുള്ള ഒരു കുട്ടയുടെ അടുത്തെത്തി.ആർത്തിയോടെ നെല്ല് തിന്നാൻ തുടങ്ങി.തിന്ന് തിന്ന് വയറു നിറഞ്ഞ് വീർത്തു വന്നു.ഇനി മതി പോകാം.ചുണ്ടെലി പുറത്തു കടക്കാൻ നോക്കി.ഇങ്ങോട്ടു വന്ന വഴിയിലൂടെ തിരിച്ചു പോകാൻ കഴിയുന്നില്ല.വയറാണു തടസ്സം.എത്ര ശ്രമിച്ചിട്ടും ഒരു രക്ഷയുമില്ല.അങ്ങനെ അവൻ ആ കുട്ടയ്ക്കകത്ത് തന്നെ കിടന്നുറങ്ങി.അടുത്ത ദിവസം ഉണർന്നെഴുന്നേറ്റ് അവൻ തന്റെ വയറിലേയ്ക്കു നോക്കി.നിറഞ്ഞ വയർ കുറേ താഴ്ന്നിട്ടുണ്ട്. പു റത്തു കടക്കാൻ തുടങ്ങുമ്പോഴേയ്ക്കും ഒരാഗ്രഹം ."എന്തായാലും പോകുകയല്ലെ? കുറച്ചു കൂടി നെല്ലു തിന്നാം".എലി വിചാരിച്ചു.

അവൻ വീണ്ടും നെല്ല് തിന്നാൻ തുടങ്ങി.വയർ വീർത്തു വിർത്തു വന്നു.ഒടുവിൽ വീണ്ടും പുറത്ത് കടക്കാൻ വയ്യാതായി.പിന്നെയും അവിടെ കിടന്നുറങ്ങാൻ തീരുമാനിച്ചു.അപ്പോഴാണ് വിശന്നു വലഞ്ഞ ഒരു പുച്ച അതുവഴവന്നത്.എലിയുടെ മണം കിട്ടിയ പൂച്ച പതുക്കെ കുട്ട തുറന്നു നോക്കി."ഹായ് ....കൊഴുത്തുരുണ്ട ഒരെലി".

അങ്ങനെ പൂച്ച അവനെ പിടിച്ച് അകത്താക്കി. അതിസുന്ദരമായ ഒരു ഗ്രാമം.ഒരു മുത്തശ്ശിയുടെ മകൻ.അവൻെറ പേര് അപ്പു.രാവിലെ സ്കൂളിലേയ്ക്ക് പോകാൻ അവനെ മുത്തശ്ശി തന്നെ വിളിയ്ക്കണം.മുത്തശ്ശി അവനെ യാത്രയാക്കാനുള്ള തിരക്കിലാണ്.സമയം ഏഴര.അവൻ ഉണർന്നു.അവൻ മുത്തശ്ശിയുടെ കൈയിൽ നിന്ന് ചായവാങ്ങി കുടിക്കുന്നു.തൻെറ പഠന ജീവിതത്തിൽ അവൻ കുറച്ചു സന്തോഷം കണ്ടെത്തിയിരിന്നത് മുത്തശ്ശിയിലൂടെയാണ്.അവന് സ്കൂളിലേയ്ക്ക് പോകാൻ പൊതുവെ ഇഷ്ടമായിരുന്നു.കാരണം അവൻെറ ഒറ്റപ്പെട്ട ജീവിതത്തിൽ
അവന് മുത്തശ്ശിയും സ്കൂൾ ജീവിതവുമായിരുന്നു ഏക ആശ്രയം.

**പറയാൻ ബാക്കി വച്ചത്**

സ്കൂളിലേക്ക്പോകുന്ന വഴി പല കാര്യങ്ങളും അവനെ പല പാഠങ്ങളും പഠിപ്പിച്ചു.അവൻ ഒരു സാമൂഹ്യസ്നേഹിയായിരുന്നു. അവൻ പലർക്കും വളരെ ഉപകാരിയായിരുന്നു.സ്നേഹിക്കാൻ മാത്രമെ അവൻെറ മുത്തശ്ശി അവനെ പഠിപ്പിച്ചിരുന്നുള്ളൂ.പഠനത്തിൽ മിടുക്കനായിരുന്നു.എന്നാലവൻ മുത്തശ്ശിക്ക് പല വിധത്തിലുള്ള സഹായങ്ങൾ ചെയ്ത് കൊടുക്കുമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അവൻ രാവിലെ എഴുന്നേല്ക്കാൻ സമയം വൈകി, ചാടി എഴുന്നേറ്റ അവൻ മുത്തശ്ശിയെ ചുറ്റും നോക്കുന്നതിനിടയിൽ ഘടികാരം അവൻെറ ശ്രദ്ധയിൽപ്പെട്ടു.സമയം 9.30.കഴിഞ്ഞിരിക്കുന്നു.അവൻ വേഗം സ്കൂൾ യൂണിഫോം ധരിച്ച് മുത്തശ്ശിയെ തിരഞ്ഞു.അപ്പോളാണ് ആദാരുണ വാർത്ത അറിഞ്ഞത്.

തൻെറ ജീവൻെറ പാതി അടർന്നു പോയിരിക്കുന്നു.”ആ പാതി ജീവനായിരുന്നു അവൻെറ മുത്തശ്ശി. സങ്കടം സഹിക്കനാവാതെ അവൻ സ്കൂൾ ജീവിതവും സ്കൂൾ യൂണിഫോമും അവൻ ഉപേക്ഷിച്ചു.

# പ്രകൃതിയുടെ ചിരിമരണം

ഷഹല.10F

ചിരിയ്ക്കും മുന്നേ മരിയ്ക്കുന്നവനും
മരിയ്ക്കും മുന്നേ ചിരിയ്ക്കുന്നവനും
മരണം ഉറപ്പ്
ജനിച്ചാൽ ഒരിയ്ക്കൽ മരണം ഉറപ്പ്.

നാം പ്രകൃതിയെ നശിപ്പിക്കുന്നതിനാൽ
പ്രകൃതി നമ്മെ ക്രൂരമായ് മണ്ണിലാഴ്ത്തുന്നു
ആഘോഷങ്ങൾക്കിടയിലോ
അല്ലാതെയോ.......

മറ്റ് സന്തോഷങ്ങൾക്കിടയിലോ
സങ്കടങ്ങൾക്കിടയിലോ
ആരും വിചാരിക്കാത്ത സന്ദർഭത്തിൽ
ആയിരിക്കണമത്

ജലാശയങ്ങളെ നാം ദ്രോഹിക്കുന്നു
അത് വെള്ളത്തിൽ മുക്കി താഴ്ത്തുന്നു
കുന്ന് ഇടിച്ചു നിരത്തുന്നു
മണ്ണിടിഞ്ഞു നാം മൂടുന്നു

ചിരിയ്ക്കും മുമ്പ് മരിയ്ക്കുന്നവനും
മരിയ്ക്കും മുമ്പ് ചിരിയ്ക്കുന്നവനും
മരണം ഉറപ്പ്
ജനിച്ചാൽ ഒരിയ്ക്കൽ മരണം ഉറപ്പ്

പണമുണ്ടെങ്കിൽ മരണത്തെ
മാറ്റി നിർത്താനാവില്ല
അധികാരത്തിനും മരണത്തെ
മാറ്റി നിർത്താനാവില്ല

ജനിച്ച ശിശു മുതൽ
വൃദ്ധരായവർക്കുപോലും
മരണം
എപ്പോഴാണെന്നറിയില്ല

മരണത്തെ നിർണയിക്കാൻ
ആർക്കുമാവില്ല
ചിരിയ്ക്കും മുന്നേ മരിയ്ക്കുന്നവനും
മരിയ്ക്കും മുന്നേ ചിരിയ്ക്കുന്നവനും
മരണം ഉറപ്പ്.




അനസ് കരീം 10 ബി

കഥ.

ശ്രേയ.പി.എസ്.10E

# നമ്മുടെ സ്വഭാവം മാറുമോ

ഒരു സ്ത്രീ ഒരു പണ്ഡിതനെ സമീപിച്ച് ഭർത്താവിനെക്കുറിച്ചുള്ള പരാതി പറഞ്ഞു.
''സ്വാമീ ഇങ്ങേരെക്കൊണ്ടു തോറ്റു. ഏതു നേരവും വെറുതെ കുത്തിയിരിക്കുകയാണ്.ഒരു പണിയും ചെയ്യില്ല.''
'ഇവർ പറയുന്നതു ശരിയാണോ'
പണ്ഡിതൻ അയാളോടു ചോദിച്ചു.
"ശരിയാണ് ചെറുപ്പം മുതലുള്ള സ്വഭാവമാണ്. മാറ്റാൻ പറ്റുന്നില്ല."
അതായിരുന്നു ഭർത്താവിൻെറ മറുപടി.
"നിങ്ങളുടെ ഭാര്യ ഇതിനെക്കുറിച്ച് പറഞ്ഞത് കേട്ടില്ലേ?"
അവൾ ദിവസവും ഏതു നേരവും ഇക്കാര്യം പറഞ്ഞു ചീത്ത വിളിക്കും.ഭർത്താവ് പറഞ്ഞു."ആട്ടെ ഇന്നു മുതൽ ഒരാഴ്ചത്തേയ്ക്ക് നിങ്ങളൊന്നും പറയാതിരിക്കുക.അതിനുശേഷം ഞാൻ നിങ്ങളുടെ ഭർത്താവിനെ ഉപദേശിക്കാം".പണ്ഡിതൻ അവരെ യാത്രയാക്കി.രണ്ടാഴ്ച കഴിഞ്ഞ് അവർ വീണ്ടും വന്നു.പക്ഷെ ഇപ്പോൾ ഭാര്യയ്ക്കല്ല പരാതി, ഭർത്താവിനാണ്.സ്വാമി പറഞ്ഞിട്ടും ഇവർ ചീത്ത വിളി നിർത്തിയില്ല. പണ്ഡിതൻ അവരെ നോക്കി ചിരിച്ചു.
ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ. ഇതാണ് സ്വഭാവം എന്ന് പറയുന്നത്.

ഓരോരുത്തരും അവരവരുടെ സ്വഭാവം നന്നാക്കുക എങ്കിലേ ലോകം നന്നാവൂ.


VIII -D
പ്രകൃതി


അയൽക്കാർ

ഇതൊരു തുടക്കം മാത്രം....
തെറ്റുകൾ ഉണ്ടാവാം.....
എങ്കിലും നന്മയുടെ സുഗന്ധമുണ്ട്...
ഈ സദ്യുദ്യമത്തിൽ അനുഗ്രഹാശിസ്സുക്കൾ
വർഷിച്ച ഓരോരുത്തർക്കും ഹൃദയംഗമമായ നന്ദി...